ഉത്തരം

(എ) ഉണ്ട്.

(ബി) & (സി) ഉണ്ട്. നിലവിലുള്ള വ്യയനിയന്ത്രണ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പോണ്ടിച്ചേരിയും ജീവനക്കാരെ സ്ഥിരപ്പെടുത്തണമെന്ന ആവശ്യം ഇപ്പോൾ പരിഗണിക്കാൻ സാധിക്കുകയില്ല.

പഞ്ചായത്ത് വകുപ്പിലെ സ്ഥലംമാറ്റം

47 [2392] *ശ്രീ. വി. കെ. പ്രശാന്ത്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് വകുപ്പിൽ സ്ഥലംമാറ്റത്തിൽ വൻക്രമക്കേട് നടക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്ഥലംമാറ്റപ്പെടേണ്ട ജീവനക്കാരുടെ ലിസ്റ്റ് ഗവൺമെന്റ് അംഗീകരിച്ച് നൽകണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടോ;

(സി) 1-7-2001-നുശേഷം നാളിതുവരെ തിരുവനന്തപുരം ജില്ലയിൽനിന്ന് ഉദ്യോഗക്കയറ്റം നൽകി യു.ഡി. ക്ലാർക്ക് മുതൽ വിവിധ തസ്തികകളിൽ എത്ര ജീവനക്കാരെ ജില്ല വിട്ട് സ്ഥലം മാറ്റിയിട്ടുണ്ട്; ഇവരിൽ എത്ര പേർ ഇപ്പോൾ മറ്റ് ജില്ലകളിൽ ജോലി നോക്കുന്നുവെന്ന് തസ്തിക തിരിച്ച് വ്യക്തമാക്കാമോ;

(ഡി) 1-7-2001-നുശേഷം നാളിതുവരെ തിരുവനന്തപുരം ജില്ലയിൽ യു.ഡി. ക്ലാർക്ക് മുതൽ വിവിധ തസ്തികകളിൽ എത്ര ജീവനക്കാർക്ക് ഉദ്യോഗക്കയറ്റം നൽകി അതത് ഓഫീസിലും ജില്ലയിലും നിയമിച്ചിട്ടുണ്ട് എന്നുള്ള വിവരം വെളിപ്പെടുത്താമോ;

(ഇ) പഞ്ചായത്തുവകുപ്പിലെ ജീവനക്കാരുടെ സ്ഥലംമാറ്റത്തിൽ വ്യക്തമായ മാനദണ്ഡം ഉണ്ടാക്കാനും അത് കർശനമായി പാലിക്കപ്പെടാനും നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഇല്ല.

(സി) തസ്തിക തിരിച്ചുള്ള വിവരം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്.†

(ഡി) തസ്തിക തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ഇ) സ്ഥലംമാറ്റം സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള പൊതുമാനദണ്ഡങ്ങൾ

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

തന്നെയാണ് പഞ്ചായത്തുവകുപ്പിനും ബാധകമായിട്ടുള്ളത്. പഞ്ചായത്തു ജീവനക്കാരുടെ സ്ഥലംമാറ്റം സംബന്ധിച്ച് പ്രത്യേക മാനദണ്ഡം തയ്യാറാക്കാനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഡെപ്യൂട്ടേഷൻ നിയമനം

48 [2393] *ശ്രീ. രാജു എബ്രഹാം:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഒഴിവിലേക്ക് മറ്റ് ഡിപ്പാർട്ട്മെന്റുകളിലുള്ള ആളുകളെ ഡെപ്യൂട്ടേഷനിൽ ഓപ്ഷൻ വാങ്ങി നിയമിക്കാറുണ്ടോ;

(ബി) എന്തൊക്കെ നിബന്ധനകളുടെ അടിസ്ഥാനത്തിലാണ് ഇത്തരം നിയമനങ്ങൾ നടത്താറുള്ളത്; ഇവരുടെ സേവന-വേതന വ്യവസ്ഥകൾ വിശദമാക്കാമോ;

(സി) കോട്ടയം ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്തിന്റെ അധികാര പരിധിയിലെ ഏതൊക്കെ പഞ്ചായത്തുകളിൽ, എത്ര പേർ, ഏതൊക്കെ തസ്തികകളിലായി ഇപ്രകാരം ജോലി നോക്കിവരുന്നുവെന്ന് പ്രസ്തുത വ്യക്തികളുടെ പേരും മാതൃവകുപ്പും സഹിതം വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത ജീവനക്കാർക്ക് മാതൃവകുപ്പിൽനിന്നും ശമ്പളം വാങ്ങാൻ പോകുന്നതിനായി എന്ത് വ്യവസ്ഥകളാണുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഒഴിവുകളിലേക്ക് ഡെപ്യൂട്ടേഷനിൽ ജീവനക്കാരെ എടുക്കുന്ന സമ്പ്രദായം നിലവിലില്ല.

(ബി) ബാധകമല്ല.

(സി) ബാധകമല്ല.

(ഡി) ബാധകമല്ല.

കോഴിക്കോട്, കൊച്ചി നഗരങ്ങൾ വികസിപ്പിക്കാൻ മാസ്റ്റർ പ്ലാൻ

49 [2394] *ശ്രീ. എ. സുജനപാൽ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട്, കൊച്ചി എന്നീ നഗരങ്ങളുടെ വികസനത്തിനുവേണ്ടി എന്തെങ്കിലും പുതിയ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly